KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.165/PR/PIC/PHQ/18 Date : 01.07.2018

**പോലീസ് സേനയിൽ വനമേഖലകളിലെ പട്ടികവർഗവിഭാഗത്തിൽപ്പെട്ട 74 പേർക്ക് നിയമനം - നിയമന ഉത്തരവ് മുഖ്യമന്ത്രി ഇന്നു (02.07.18) കൈമാറും.**

**വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളിലെ വനമേഖലകളിൽ നിന്നും പട്ടികവർഗവിഭാഗത്തിൽപ്പെട്ട 74 പേരെ സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ** പോലീസ് സേനയിൽ നിയമിക്കുന്നു. ഇന്ന് (02/07/2018) വൈകുന്നേരം നാലുമണിക്ക് തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഇവർക്കുള്ള നിയമന ഉത്തരവ് നൽകും.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ വനത്തിനകത്തും വനാതിർത്തിയിലുമുള്ള പട്ടികവർഗ്ഗ വിഭാഗത്തിലെ യുവതീയുവാക്കളിൽ നിന്നും 74 പേരെയാണ് ആദ്യഘട്ടത്തിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്ക് തിരഞ്ഞെടുത്തത്. 52 പുരുഷന്മാർക്കും 22 വനിതകൾക്കുമാണ് ഈ നിയമനത്തിലൂടെ ഇപ്രകാരം ചരിത്രത്തിന്റെ ഭാഗമാകാൻ കഴിഞ്ഞത്. ആദ്യമായാണ് പോലീസ് സേനയിലേക്ക് ഇത്തരത്തിൽ പ്രത്യേക നിയമനം നല്കുന്നത്. 2018 ആഗസ്റ്റ് ഒന്നാം തീയതി മുതൽ ഇവരുടെ ട്രെയിനിങ് തൃശ്ശൂർ പോലീസ് അക്കാദമിയിൽ ആരംഭിക്കും.

വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ വനമേഖലകളിൽ നിന്നുള്ള പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം പോലീസ് സേനയിൽ വർധിപ്പിക്കുന്നതിനും അതിലൂടെ മാവോയിസ്റ്റ് തീവ്രവാദമുൾപ്പെടെയുള്ള ഭീഷണികൾ ഫലപ്രദമായി പ്രതിരോധിക്കന്നതിനും വിവിധ പട്ടികവർഗ്ഗ കോളനികളിൽ കൂടുതൽ സുരക്ഷ ഉറപ്പാക്കുന്നതിനും നിരീക്ഷണം സാധ്യമാക്കുന്നതിനും ലക്ഷ്യമിട്ടാണ് പ്രത്യേക നിയമനം നടത്താൻ സർക്കാർ തീരുമാനിച്ചത്. ക്രമസമാധാനപാലനം മെച്ചപ്പെടുത്തുക, കുറ്റകൃത്യങ്ങൾ കുറയ്ക്കുക എന്നിവയ്ക്കൊപ്പം പട്ടികവിഭാഗങ്ങളുടെ സാമൂഹികോന്നമനം മെച്ചപ്പെടുത്തുക, ക്ഷേമപദ്ധതികൾ കൂടുതൽ ഫലപ്രദമായി നടപ്പാക്കുക എന്നിവയ്ക്കും ഇതു സഹായകമാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനായി പുതുതായി സൃഷ്ടിച്ച

തസ്തികകളിൽ 70 ശതമാനം വയനാട് ജില്ലയ്ക്കും 20 ശതമാനം പാലക്കാട് ജില്ലയ്ക്കും 10 ശതമാനം മലപ്പുറം ജില്ലയ്ക്കുമാണ് നല്കിയിട്ടുള്ളത്. വയനാട് ജില്ല മുഴുവനായും പാലക്കാട് ജില്ലയിലെ അട്ടപ്പാടി, മലപ്പുറം ജില്ലയിലെ നിലമ്പൂർ, കാളികാവ്, അരീക്കോട് ബ്ലോക്കുകളെയുമാണ് സ്പെഷ്യൽ ഡ്രൈവിൽ ഉൾപ്പെടുത്തിയത്.

ചടങ്ങിൽ പിന്നാക്ക- പട്ടികവിഭാഗ ക്ഷേമ, സാംസ്കാരിക വകുപ്പു മന്ത്രി എ.കെ.ബാലൻ വി എസ് ശിവകുമാർ എം എൽ എ തിരുവപനന്തപുരം സിറ്റി മേയർ അഡ്വ. വി.കെ.പ്രശാന്ത്, സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ മറ്റ് ഉന്നത പോലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

*********************